

# കുട്ടിപട്ടം

**ഈ വാനിൻ അതിരുകൾ തേടാൻ നാം ചെറു പട്ടങ്ങളാകുക**

**MSMHSS കല്ലിങ്ങൽ പറമ്പ്**

**ചീഫ് എഡിറ്റർ**

ഹനീഫ് റംസാൻ

**മാഗസിൻ ലെ ഔട്ട് ആൻഡ് ഡിസൈനിങ്**

ഹനീഫ് റംസാൻ
അനിസ് അലി
മുസ്തഫാ
അർഷാദ്
അര്ഷഖ്
മുഹമ്മദ് ഹിഷാം
ഫാത്തിമ്മ റന MK

**ഫോട്ടോ ഗ്രാഫി**

അനിസ് അലി

**മാഗസിൻ കവർ പേജ്**

വര : സവിത ദാസ് (ആര്ട്ട് അദ്ധ്യാപിക )
ഹനീഫ് റംസാൻ

**എഡിറ്റോറിയൽ അസ്സിസ്റ്റന്റ്സ്**

ത്വയ്ബ
ജെലീല പറമ്പൻ
അൻഷ D

# ആമുഖം



അനുദിനം വളർന്നു കൊണ്ടേയിരിക്കുന്ന സാങ്കേതിക വിദ്യയിലൂടെ ആണ് ഓരോ ദിവസവും ലോകം മുന്നോട്ടു പോയി കൊണ്ടിരിക്കുന്നത് . സാങ്കേതിക വിദ്യയെ അവഗണിച്ചു കൊണ്ട് ഇന്നത്തെ സമൂഹത്തിനു മുന്നോട്ടു പോകാനാകില്ല നമ്മൾ ഓരോരുത്തരും സാങ്കേതിക വിദ്യയുടെ ഗുണ ഭോക്താക്കൾ ആണ് .ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മൾ സാങ്കേതിക വിദ്യകളെ ആശ്രയിച്ചു കൊണ്ടിരിക്കുന്നു .എല്ലാം വിരൽ തുമ്പിലെത്തുന്ന കാല ഘട്ടത്തിലൂടെ നമ്മൾ കടന്നു പോകുമ്പോൾ വലിയൊരു ലോകം ചെറുതാക്കുന്ന പോലെ തോന്നാം . പഠനത്തോടൊപ്പം വിവര സാങ്കേതിക വിദ്യ യിൽ കൂടി വിദ്യാർത്ഥികൾക്ക് പ്രാവിണ്യം നൽകുന്ന ലിറ്റിൽ കൈറ്റ്സ് പോലുള്ള സർക്കാർ വിദ്യാഭ്യാസ പദ്ധതികൾ വലിയൊരു രാജ്യത്തിന്റെ വളർച്ചയിൽ കുട്ടികളെ കൂടി പങ്കാളികളാക്കുകയാണ് ചെയ്യുന്നത് . ഡിജിറ്റൽ മാഗസിൻ ഈ വര്ഷം ചെയ്യുന്നത് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ആയ സ്ക്രൈബസ് ലാണ് എന്നത് വളരെ മികച്ചൊരു മുന്നേറ്റമാണ് . ജനയുഗം , ദേശാഭിമാനി , മനോരമ പോലുള്ള പത്രങ്ങളും അറിയപ്പെടുന്ന മാഗസിനുകളും ഇപ്പോൾ സ്ക്രൈബ്സ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പുറത്തിറക്കുന്നത് എന്നറിയുമ്പോൾ ആ സോഫ്റ്റ്‌വെയർ നമ്മുടെ കുട്ടികൾ ഉപയോഗിക്കാൻ പരിശീലിച്ചതിന്റെ പ്രാധാന്യം വളരെ വലുതാണ് . പൂർണമായും സ്ക്രൈബ്സ് ഉപയോഗിച്ച് ചെയ്ത ഈ ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുമ്പോൾ സാങ്കേതിക വിദ്യയുടെ നൂതന രീതികൾ നമ്മുടെ വിദ്യാർത്ഥികളും പരിചയപെട്ടതിന്റെ ഒരു അടയാള പെടുത്തൽ കൂടി സംഭവിക്കുന്നു .

അബ്ദുൾ വഹാബ് .N
ഹെഡ് മാസ്റ്റർ ,
MSM HSS കല്ലിങ്ങൽപറമ്പ്



നമ്മുടെ കുട്ടികളുടെ സർഗ്ഗ വാസനകൾ ഇവിടെ ഡിജിറ്റൽ രൂപത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു . പൊതു വിദ്യാഭ്യാസത്തിൽ വിവര സാങ്കേതിക വിദ്യക്കുള്ള പങ്കു വളരെ വലുതാണ് അത് എന്തൊക്കെ കാര്യങ്ങളിൽ ആണ് കുട്ടികളെ സ്വയം പ്രാപതരാക്കുന്നത് . പല മാഗസീനുകളുടെയും ലെ ഔട്ട് ശ്രദ്ധിക്കാറുണ്ട് വൃത്തി ആയി അടുക്കും ചിട്ടയോടും കൂടി വായനക്കാരെ ആകര്ഷിക്കത്തക്ക വിധം അതിന്റെ ഉള്ളടക്കങ്ങൾ ക്രമീകരിച്ചിരിക്കുന്നു . ആധുനിക സോഫ്റ്റ്‌വെയറുകളുടെ സഹായത്താൽ ആണവ തയ്യാറാക്കുന്നത് . ഇന്നത്തെ പല പത്ര മാധ്യമങ്ങളും പ്രസിദ്ധീകരണത്തിനുവേണ്ടി ഉപയോഗിക്കുന്ന സ്ക്രൈബസ് എന്ന എഡിറ്റിംഗ് സോഫ്റ്റ്‌വെയർ നമ്മുടെ കുട്ടികളിലേക്ക് എത്തുമ്പോൾ അവരുടെ സർഗ്ഗവാസനകൾ പുറം ലോകത്തെ അടുക്കും ചിട്ടയോടും കൂടി കാണിക്കാനുള്ള മികച്ച മാർഗം കൂടി ആയി മാറുന്നതിൽ സന്തോഷമുണ്ട് . ദൃശ്യ വാർത്ത മാധ്യമ രംഗങ്ങളിൽ ഇന്ന് വലിയ തൊഴിൽ സാധ്യതകൾ ആണ് ഉള്ളത് ഡെസ്ക് ടോപ് പബ്ലിഷിംങ്ങിൽ കുട്ടികൾക്ക് ലഭിക്കുന്ന അറിവുകൾ ഇത്തരം ജോലികളിൽ താല്പര്യമുള്ള കുട്ടികളെ വളരെ നേരത്തെ തന്നെ വാർത്തെടുക്കുന്നതിൽ വലിയ പങ്കു വഹിക്കും . ഈ പുതിയ സാങ്കേതിക പരിചയവും അവതരണ രീതിയും വിദ്യാലയത്തിന്റെ ഉയർച്ചയിൽ പങ്കുകൊള്ളട്ടെ എന്ന് ആശംസിക്കുന്നതിനൊപ്പം തന്നെ ഇതിനു പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും അധ്യാപകരെയും അഭിനന്ദിക്കുകയും ചെയ്യുന്നു .

ടി ആർ ശ്രീലത
ഡെപ്യൂട്ടി ഹെഡ് മിസ്ട്രസ്
MSMHSS കല്ലിങ്ങൽപറമ്പ്

കുട്ടിപട്ടം

# ഉള്ളടക്കം


3 ..........................ആമുഖം

4 ..........................ആശംസ

5 ..........................ഉള്ളടക്കം

6 ..........................സ്കൂൾ ചരിത്രം

8 ..........................കഥ :തുരുമ്പെടുത്ത വാതിൽ

9 ..........................ലേഖനം : ചെറിയ വലിയ കണ്ടു പിടുത്തങ്ങൾ

11 ..........................ലേഖനം :ചരിത്രം ചലച്ചിത്രം

14 ..........................കഥ : സന്മനസ്സുള്ളവർക്ക് സമാധാനം

17 ..........................കവിത :ഒരില

18 ..........................കവിത : നിശാ ശലഭങ്ങൾ അവർ ഇരുളിന്റെ മക്കൾ

21 ..........................കഥ: കുപ്പിവളകൾ

23 ..........................അഭിമുഖം :വിജയത്തിലേക്ക് ഒരു ട്രാക്ക് ദൂരം

27 ..........................പ്രതിഭയോടൊപ്പം : വരയും വർണങ്ങളും

29 ..........................യാത്ര വിവരണം : മൺ പാതകൾ തേടി

# MSMHSS കല്ലിങ്ങൽപറമ്പ

## സ്കൂൾ ചരിത്രം

മലപ്പുറം ജില്ല, തിരൂർ താലൂക്ക്, കൽപകഞ്ചേരി പഞ്ചായത്തിലെ 18-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം 1976 ൽ സ്ഥാപിതമായതാണ്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിറകിലായിരുന്ന ഈ പ്രദേശത്തെ വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക രംഗങ്ങളിൽ ഉയരങ്ങളിലേക്ക് കൈ പിടിച്ചുയർത്തണം എന്ന അതിയായ ആഗ്രഹത്തോട് കൂടി ശ്രീമാൻ കോട്ടയിൽ കുഞ്ഞിപ്പോക്കർ എന്ന ഇല്ലാപ്പു ഹാജിയുടെ നേതൃത്വത്തിലുള്ള ഒരു സംഘം നടത്തിയ അക്ഷീണ പ്രവർത്തനങ്ങളാണ് ഈ സ്കൂളിനെ ഇന്ന് ഈ ഉയരങ്ങളിൽ എത്തിച്ചത്.

1976 ജൂൺ 3ാം തിയ്യതി എം. എസ്. എം അപ്പർ പ്രൈമറി സ്കൂൾ പ്രവർത്തനമാരംഭിച്ചു. 5-ാം ക്ലാസ്സിൽ 122 ആൺകുട്ടികളും 101 പെൺകുട്ടികളും ഉൾപ്പെടെ 223 വിദ്യാർത്ഥികളും 7 അധ്യാപകരുമുൾപ്പെടുന്നതായിരുന്നു ആരംഭത്തിൽ ഈ വിദ്യാലയം. അന്നത്തെ പ്രധാന അധ്യാപകൻ ശ്രീ. സി. മുഹമ്മദ് കുട്ടി മാസ്റ്ററായിരുന്നു. അച്ചടക്കത്തിലും പഠന നിലവാരത്തിലും മികച്ച നിലവാരം പുലർത്തിയ എം. എസ്. എം അപ്പർ പ്രൈമറി സ്കൂൾ 1983 ജൂൺ 15-ാം തിയ്യതി ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1983 മുതൽ 1998 വരെ പ്രധാനധ്യാപകൻ ശ്രീ. പി.ടി. മുഹമ്മദ് കുട്ടി മാസ്റ്ററുടെ നേതൃത്വത്തിൽ ഈ സ്ഥാപനം അതിവേഗം ഉയർച്ചയിലേക്ക് കുതിച്ചു.

| റവന്യൂ ജില്ല |
| --- |
| മലപ്പുറം |
| **വിദ്യാഭ്യാസ ജില്ല** |
| തിരൂർ |
| **ഉപജില്ല** |
| കുറ്റിപ്പുറം |
| **മാനെജർ** |
| കോട്ടയിൽ അബ്ദുൾ ലത്തീഫ് |
| **പ്രധാന അധ്യാപകൻ** |
| അബ്ദുൽ വഹാബ് .N |
| **ഡെപ്യൂട്ടി ഹെഡ് മിസ്ട്രസ്** |
| ടി ആർ ശ്രീലത |
| **പി ടി എ പ്രസിഡണ്ട്** |
| രാധാകൃഷ്ണൻ സി പി |
| **എം പി ടി എ പ്രസിഡണ്ട്** |
| ഹാജറ |

ഹൈസ്കൂൾ വിഭാഗത്തിൽ 3167 വിദ്യാർത്ഥികളും 122 അദ്ധ്യാപകുരും 7 ഓഫീസ് ജീവനക്കാരും ജോലി ചെയ്തു വരുന്നു . സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ അബ്ദുൽ വഹാബ് എൻ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകൾ ഏകോപിപ്പിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

## ഇപ്പോഴത്തെ മാനേജ്മെന്റ്



മാനേജർ ശ്രീ കോട്ടയിൽ അബ്ദുൾ ലത്തീഫ്

**1976** ൽ നേരത്തെ സൂചിപ്പിച്ച കോട്ടയിൽ കുഞ്ഞിപ്പോക്കർ എന്നവർ സ്ഥാപിച്ച ഈ സ്ഥാപനം ഇന്ന് അദ്ദേഹത്തിന്റെ മകനും വ്യവസായിക വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന യുവസംരഭകനുമായ ശ്രീ കോട്ടയിൽ അബ്ദുല്ലത്തീഫ് അവർകളുടെ കൈകളിൽ ഭദ്രമാണ്. സ്കൂളിന്റെ എല്ലാമേഖലയിലും പ്രത്യേകിച്ച് ഭൗതികസംവിധാനം ഒരുക്കൽ, സ്ഥാപനം മോഡി കൂട്ടൽ, മറ്റു അനുബന്ധ സൗകര്യമൊരുക്കൽ എന്നിവയിൽ അദ്ദേഹത്തിന്റെ ഇടപെടൽ സ്ഥാപനത്തെ സൗകര്യങ്ങളുടെ കാര്യത്തിൽ മറ്റു സ്ഥാപനങ്ങളെ അപേക്ഷിച്ച് ഉന്നത നിലവാരത്തിൽ എത്തിച്ചിരിക്കുന്നു.

അതിനു ശേഷം ശ്രീ. പി. വി പൗലോസ് സർ, ശ്രീ. ജേക്കബ് സർ, മാധവൻ സർ, ശ്രീ. പി. പ്രഭാകരൻ, ശ്രീമതി മേരി ടീച്ചർ എന്നിവർ പ്രധാനധ്യാപകരായി സേവനമനുഷ്ഠിച്ചു.

1991 സപ്തംബർ 3-ാം തിയ്യതി കല്ലിങ്ങൽപറമ്പ് ഹൈ സ്കൂൾ ഹയർ സെക്കണ്ടറി സ്കൂൾ ആയി ഉയർത്തപ്പട്ടു. 6 സയൻസ് ബാച്ചുകൾ, 4 കൊമേഴ്സ് ബാച്ചുകൾ, 2 ഹ്യൂമാനിറ്റീസ് ബാച്ചുകൾ ഉൾക്കൊള്ളുന്ന നമ്മുടെ സ്ഥാപനം കേരളത്തിലെ ഏറ്റവും വലിയ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒന്നാണ്.

വിദ്യാഭ്യാസത്തിന് വേണ്ടി വളരെ അകലങ്ങളിൽ പോകേണ്ടതിനാൽ, കുട്ടികളുടെ പ്രത്യേകിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസം നിർത്തി വെക്കേണ്ട അവസ്ഥ ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ എം. എസ്. എം സ്കൂൾ സ്ഥാപിതമായതിനു ശേഷം ഈ പ്രശ്നം പരിഹരിക്കപ്പെടുക മാത്രമല്ല വളരെ അകലങ്ങളിൽ നിന്ന് പോലും വിദ്യാർത്ഥികൾ സ്വകാര്യ വാഹനങ്ങൾ ഏർപ്പെടുത്തി ഈ വിദ്യാലയത്തിൽ മികച്ച വിദ്യാഭ്യാസം നേടുന്നതിനായി എത്തിച്ചേർന്നിരുന്നു. കുറഞ്ഞ യാത്രാ സൗകര്യമുള്ള ഈ പ്രദേശത്ത് 1997 മുതൽ മാനേജ്മെന്റിന്റെ സഹായത്തോടെ സ്കൂൾ ബസ്സുകൾ ഓടി തുടങ്ങിയത് യാത്ര ക്ലേശത്തിന് ഒരളവ് വരെ പരിഹാരമായി.

നേട്ടങ്ങലുടെ പട്ടിക പരിശോധിക്കുമ്പോൾ മികച്ച അക്കാദമിക മികവ് പുലർത്തി വരുന്ന സ്ഥാപനമാണ്. സംസ്ഥാന ശരാശരിക്കും മുകളിലാണ് നമ്മുടെ SSLC റിസൾട്ട്. തിരൂർ വിദ്യാഭ്യാസ ജില്ലയിലെ പൊതു വിദ്യാലയങ്ങൾ പരിശോധിക്കുമ്പോൾ ഉയർന്ന A+ ഗ്രേഡുകൾ നേടുന്ന സ്കൂളാണ് നമ്മുടേത്.
കലാ കായിക, ശാസ്ത്ര ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, ഐ.ടി, പ്രവർത്തി പരിചയ മേളകളിൽ കല്ലിങ്ങൽ പറമ്പ് എം. എസ്. എം ഹയർസെക്കണ്ടറി സ്കൂൾ അതിന്റെ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്. ഗണിത ശാസ്ത്ര മേളകളിൽ സംസ്ഥാന തലത്തിൽ നമ്മുടെ വിദ്യാർത്ഥികൾ നിരവധി തവണ വിജയക്കൊടി പറത്തിയിട്ടുണ്ട്. കുറ്റിപ്പുറം ഉപജില്ലാ കായിക മേളയിൽ തുടർച്ചയായി ആറാം തവണയും ഓവറോൾ ചാമ്പ്യൻഷിപ്പ് എം. എസ്. എം ഹയർസെക്കണ്ടറി സ്കൂൾ നേടിയിരിക്കുന്നു , ശാസ്ത്രമേളയിൽ തുടർച്ചയായി രണ്ടാം തവണയും ഓവർ ഓൾ നേടി .കുറ്റിപ്പുറം ഉപജില്ലാ കാലാ മേള, ശാസ്ത്ര മേള, കബ്ബ് ബുൾബുൾ ഉൽസവം, വിദ്യാരംഗം കലോൽസവം തുടങ്ങിയ വിവിധ മൽസരങ്ങൾക്ക് നമ്മുടെ സ്ഥാപനം ആതിഥേയത്വം വഹിച്ചിട്ടുണ്ട്.

## ചെറു കഥ

# തുരുമ്പ് എടുത്ത വാതിൽ

### ഹന്ന കെ

ഒരു ഗ്രാമത്തിൽ ദാസപ്പൻ എന്ന പേരുള്ള ചെറുപ്പക്കാരനും അദ്ദേഹത്തിന്റെ ഭാര്യ രേവതിയും അവരുടെ മക്കളും താമസിച്ചിരുന്നു. മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളുമായിരുന്നു അവർക്ക് . ദാസപ്പൻ വലിയൊരു കച്ചവടക്കാരനാണ് .വലിയ വീടും ഒരു പാട് തോട്ടങ്ങളും പറമ്പുകളുമായി ഒരു പണക്കാരനായിരുന്നു. എന്നാൽ അവരുടെ വീടിന്റെ വാതിൽ അഥവാ ഐശ്വര്യം അത് രേവതിയായിരുന്നു. ദാസപ്പന്റെ ജോലികാര്യങ്ങളിൽ സഹായിച്ച് നല്ലൊരു ഭാര്യയും അഞ്ചു മക്കളെയും പഠിപ്പിച്ചും അവർക്ക് വേണ്ടകാര്യങ്ങൾ ചെയ്തും നല്ലൊരു അമ്മയും, വീട്ടിലെ എല്ലാകാര്യങ്ങളും ചെയ്ത് നല്ലൊരു വീട്ടമ്മയും കൂടിയാണ് രേവതി. മക്കളെല്ലാം നല്ല മിടുക്കരായിരുന്നു. അവരുടെ കുടുംബം നല്ല സന്തോഷത്തിലായിരുന്നു അങ്ങനെ അവരുടെ ജീവിതം മുന്നോട്ടു പോയി. കാലം അങ്ങനെ പോയി. ദാസപ്പനും രേവതിയും വയസ്സായി തുടങ്ങി .അഞ്ച് മക്കളുടെയും കല്ല്യാണം കഴിഞ്ഞു.അവർക്ക് കുട്ടികളുണ്ടായി. രണ്ട് പെൺമക്കൾ വീട്ടിൽ നിന്ന് പോകുമ്പോൾ രേവതിക്കും ദാസപ്പനും നല്ല സങ്കടമുണ്ടായിരുന്നു. എന്നാൽ മരുമക്കൾ വന്നതിൽ അവർ സന്തോഷിച്ചു. പക്ഷെ ആ സന്തോഷത്തിന് കൂടുതൽ നാൾ ആയുസ്സുണ്ടായില്ല. മക്കൾ പണം ഉണ്ടാക്കുന്നതിന്റെ തിരക്കിൽ സ്വന്തം മാതാപിതാക്കളെ നോക്കാൻ സമയം ഇല്ലാതായി. ആ വീടിന്റ വാതിലായിരുന്ന അമ്മ, ആ വാതിലിന് ചെറിയ കേടുപാടുകൾ വന്ന് തുടങ്ങി. ആദ്യമൊക്കെ വീട്ടിൽ ചെറിയ പ്രശ്നങ്ങൾ ഉണ്ടായിരുന്നുള്ളുവെങ്കിലും പിന്നീട് അത് വലുതാകാൻ തുടങ്ങി. ഓരോരുത്തരും സ്വന്തമായി വീട് വെച്ച് പോയി. മക്കളുടെ ഈ പ്രവർത്തികളെല്ലാം ദാസപ്പനും രേവതിക്കും സങ്കടമുണ്ടാക്കുന്നതായിരുന്നു . എന്നും കളിയും ചിരിയുമായിരുന്ന വീട്ടിൽ ഇപ്പോൾ അവർ തനിച്ചായത്പോലെ തോന്നി. അങ്ങനെ ഇരിക്കെ ഒരുദിവസം ദാസപ്പൻ മരണപ്പെട്ടു. ആ വാർത്ത രേവതിക്ക് താങ്ങാനാവുന്നതിലു-മപ്പുറമായിരുന്നു. രേവതിയുടെ ആകെ ഉണ്ടായിരുന്ന കൂട്ടും പോയ പോലെ തോന്നി . മരണമറിഞ്ഞ് മക്കളെല്ലാം വന്നിരുന്നു വെങ്കിലും സ്വത്ത് ഭാഗം ചെയ്തതിന് ശേഷം അവരെല്ലാം പോയി. രേവതി എന്നും അവരെ കാത്ത് നിൽക്കുമായിരുന്നു. അവരെ കാത്തിരുന്ന് ആ വാതിൽ വരെ തുരുമ്പ് എടുത്ത് പോയി. കൂടെ രേവതിയുടെ മനസ്സും.



കണ്ടെത്തലുകൾ

മുഹമ്മദ് അസ്‌ലം

## പേനവായുടെ ഗുരുത്വാകർഷണ രഹസ്യം

പേനയിൽ ശേഖരിച്ചു വച്ചിട്ടുള്ള മഷിയിൽ ഭൂമി പ്രയോഗിക്കുന്ന ഗുരുത്വാകർഷണം മൂലം പേനയുടെ അറ്റത്തു ഘടിപ്പിച്ചിട്ടുള്ള റോളർ ബോളിൽ മഷി എത്തുകയും എഴുതുമ്പോൾ ബോൾ



പേന യുടെ അറ്റത്തെ കറങ്ങുന്ന റോളർ

സ്പീഡിൽ ചലിച്ചു മഷി കടലാസ്സിൽ പതിയുകയും ചെയ്യുന്ന രീതിയിൽ ആയിരുന്നു ബൈറോ സഹോദരന്മാർ തങ്ങളുടെ പേന നിർമ്മിച്ചത്

# ചെറിയ വലിയ കണ്ടുപിടുത്തങ്ങൾ

പല വലിയ കണ്ടു പിടുത്തങ്ങളെ കുറിച്ചും നമുക്ക് അറിയാം ,പല ശാസ്ത്ര കണ്ടു പിടുത്തങ്ങളെകുറിച്ചും നമുക്ക് പഠിക്കാനും ഉണ്ട് . എന്നാൽ നമുക്ക് ഒരു ദിനത്തിന്റെ പകുതി ഭാഗവും ഉപയോഗിക്കേണ്ടി വരുന്ന പേന ആര് കണ്ടുപിടിച്ചു ?, ഇന്ന് നമ്മുടെ കയ്യിൽ ഉള്ള ബോൾ പോയിന്റ് പേനയുടെ മുൻഗാമികൾ ആര് ? എങ്ങനെ ആണ് പേനയുടെ ട്യൂബിൽ നിന്നും കൃത്യമായി മഷി കടലാസ്സിൽ പടരുന്നത് ?



ഫൗണ്ടൻ പെന്നിൽ മഷി നിറയ്ക്കുന്നു



തൂവൽ ഉപയോകിച്ച് എഴുതുന്ന പുരാതനരീതി





രചനയുടെ പുരോഗമനം

## ബോൾപോയിന്റ് പെൻ

ബോൾ പോയിന്റ് പേനകൾക്കു മുന്നേ മഷി നിറച്ചു ഉപയോഗിക്കുന്ന ഫൗണ്ടൻ പേനകൾ ആയിരുന്നു . അതിനു മുന്നേ തൂവൽ മഷിയിൽ മുക്കി എഴുതി . ഫൗണ്ടൻ പേനയുടെ സ്ഥാനം കൈയടക്കിയാണ് ബോൾ പോയിന്റ് പേനകൾ മുന്നേറിയത് . ഫൗണ്ടൻ പേനയിൽ ഇടയ്ക്കിടയ്ക്ക് മഷി നിറക്കാനുള്ള ബുദ്ധിമുട്ടും പലപ്പോഴും പേനയിൽ നിന്ന് മഷി പുറത്തു ചാടുമ്പോളുള്ള നാശനഷ്ടങ്ങളുമെല്ലാം ചേർന്നാണ് ബോൾപോയിന്റ് പേനയുടെ പിറവിക്കു കളമൊരുക്കിയത് . അമേരിക്കൻ റബ്ബർ വ്യാപാരിയായ "ജോൺ .E .ലൗഡ്" ലെതർന്റെ മുകളിൽ അടയാളം ഇടനായി റോളർ ബോൾ ടിപ്പ്

പേന നിർമിക്കാനുള്ള പേറ്റന്റ് 1882 ൽ കൈവശപ്പെടുത്തുന്നതോടെയാണ് ബോള് പോയിന്റ് പേനയുടെ ചരിത്രം തുടങ്ങുന്നത്. ഒരു കുഴലിൽ മഷി നിറച്ചു അറ്റത്തു റോളർ ബോള് ഘടിപ്പിച്ചായിരുന്നു ലൗഡ് തന്റെ പേന ഉണ്ടാക്കിയത് . എന്നാൽ ഈ പേന വാണിജ്യ




ബൈറോയും ബാൾ പെന്നിന്റെ പേറ്റന്റും

പരമായി ഉല്പാദിപ്പിക്കപ്പെട്ടിട്ടില്ല .1916 ൽ "വാൻ വെച്ചട്ടൻ റീസ് ബർഗ് "എന്നയാൾക്കും ഇതേതരം പേറ്റന്റ് ലഭിച്ചു .എന്നാൽ അദ്ദേഹവും തന്റെ പ്രയത്നത്തിൽ വിജയിച്ചില്ല .

## ബൈറോ സഹോദരന്മാർ ബോൾ പോയിന്റ് പെൻ കണ്ടു പിടിക്കുന്നു

ഇവരുടെയെല്ലാം പരാജയത്തിന്റെ പ്രധാന കാരണം നിലവാരമുള്ള മഷിയുടെ ലഭ്യത കുറവായിരുന്നു. മഷി വളരെ നേർമ്മയായാൽ പേനയിൽ നിന്ന് മഷി പുറത്തു ചാടും. മഷിയുടെ കട്ടി കൂടിയാലോ അവയോട്ടു പുറത്തേക്കു വരികയും ഇല്ല . ചില കാലാവസ്ഥകളിൽ ഇവ രണ്ടും ഒരുമിച്ചു സംഭവിക്കുകയും ചെയ്യും . 1938 ൽ ഹംഗറിക്കാരായ ബൈറോ സഹോദരങ്ങൾ ആയ ലാഡിസ്ലാവോ ജോസഫ് ബെറോയും ജോർജ് ബെറോയും ചേർന്ന് ആദ്യത്തെ പ്രയോഗക്ഷമമായ ബോൾപോയിന്റ് പേന കണ്ടുപിടിച്ചു. ഈ തത്വം ഉപയോഗിച്ച് പ്രവർത്തിക്കുന്ന പേന ബൈറോ സഹോദരന്മാർ പിന്നീട അർജന്റീന പ്രസിഡണ്ട് ആയിരുന്ന "അഗസ്റ്റിൻ ജെസ്റ്റോ"യുടെ അഭ്യർത്ഥന പ്രകാരം വ്യാവസായിക അടിസ്ഥാനത്തിൽ നിർമിക്കാൻ ആരംഭിച്ചു .

പക്ഷെ തങ്ങളുടെ ആദ്യ ശ്രമം പരാജയപ്പെട്ടതിനാൽ അവർ വീണ്ടും ശ്രമം ആരംഭിച്ചു . പലപ്പോഴും പേന നേർ കുത്തനെ പിടിച്ചാൽ മാത്രമേ എഴുതുവാൻ കഴിഞ്ഞിരുന്നുള്ളൂ ഇത് മിക്കപ്പോഴും എഴുതുന്ന വേഗത കുറയ്ക്കാൻ കാരണമായി . ഗുരുത്വാകർഷണത്തിനു പകരം കേശിക പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ അവർ തങ്ങളുടെ ശ്രമം പുനരാരംഭിച്ചു .ഇതിനെ തുടർന്ന് പേനയിലെ മഷി സാവധാനം താഴ് ഭാഗത്തേക്ക് പ്രവഹിക്കുകയും പേന അൽപ്പം ചെരിച്ചു പിടിച്ചു എഴുതുവാനും സാധിച്ചു . ഈ കണ്ടു പിടുത്തം വിജയത്തിൽ എത്തിയതോടെ ബോൾ പോയിന്റ് വിപ്ലവം തന്നെ സൃഷ്ടിക്കപ്പെട്ടു . ബൈറോ പേനയുടെ അവകാശം പിന്നീടു ബ്രിട്ടീഷ് ഗവണ്മെന്റ് ബൈറോ സഹോദരന്മാരിൽ നിന്ന് വാങ്ങി . ബൈറോ പേനകൾ പിന്നീട് പല കമ്പനികളും നിർമിക്കാൻ തുടങ്ങി . അബാർഹാർഡ് കമ്പനി , എവർ ഷാപ് കമ്പനി , മിൽട്ടൺ റെയ്നോൾഡ്സ് തുടങ്ങിയവ അതിൽ ചിലതായിരുന്നു . എന്നാൽ പേന നിർമിച്ചു അതിന്റെ വിപണി പിടിച്ചടക്കിയത് മിൽട്ടൺ റെയ്നോൾഡ്സ് ആയിരുന്നു .പല പരീക്ഷണങ്ങളും കാലം പോകുംതോറും ബോൾ പോയിന്റ് പേനയിൽ നടത്തപെട്ടു മഷിയുടെ ഒഴുക്കിനെ വേഗത്തിലാക്കാൻ സാന്ദ്രത മിതമായ മഷികൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നു . പേനയുടെ നിബ് ന്റെ അറ്റത്തു ചലിക്കുന്ന ബോള് ന്റെ നിർമിതികളിലും ആകൃതികളിലും പല മാറ്റങ്ങൾ വരുത്തി . ഇത്തരത്തിൽ നിരന്തരമായ പരീക്ഷണങ്ങൾക്കും രൂപ മാറ്റങ്ങൾക്കും ഒടുവിലാണ് നാം ഇന്ന് കാണുന്ന പേനയുടെ രൂപത്തിലേക്ക് എത്തിയത് .

# ചരിത്രം ചലചിത്രം

ഹനീഫ് റംസാൻ








മനുഷ്യരെ പോലെ സംസാരിക്കുന്ന ,ഭാവങ്ങൾ പ്രകടിപ്പിക്കുന്ന മൃഗങ്ങൾ ....അവരുടെ സമൂഹങ്ങൾ ,അവർക്കു വേണ്ടി ഉള്ള രാജ്യങ്ങൾ ...ശരിക്കും അനിമേഷനുകൾ നമ്മളെ ഒരു മായിക ലോകത്തേക്ക് കൂടി കൊണ്ട് പോകുന്നു . ഒരു നേരത്തേക്ക് നാം ആ ലോകത്തിൽ പെട്ട് പോകുന്നു . നമ്മുടെ കാഴ്ചകളെയും മനസ്സിനെയും വലിച്ചു കൊണ്ട് പോകുന്ന ഈ മായാ ലോക കാഴ്ചകൾ ഒരുക്കുന്നത് എങ്ങനെ ആണ് ? ഒൻപതാം ക്ലാസ് ലിറ്റിൽ കൈറ്റ്സ് ക്ലാസ്സിൽ അനിമേഷൻ ക്ലാസുകൾ കണ്ടതിൽ നിന്ന് മനസ്സിലായത് നിശ്ചല ചിത്രങ്ങളെ തുടർച്ചയായി ചലിപ്പിക്കുന്നത് വഴി രൂപ പെടുന്ന ചലനങ്ങൾ ആണ് അനിമേഷനുകൾ എന്നാണ് . ഇത് വീക്ഷണ സ്ഥിരത എന്ന പ്രതിഭാസത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സാങ്കേതിക വിദ്യയാണ് . ഒരു ദൃശ്യം നാം കണ്ടു കഴിഞ്ഞാലും അത് ഒരു സെക്കന്റ് നേരത്തേക്ക് നമ്മുടെ കണ്ണിൽ തങ്ങി നിൽക്കും ഇത് മൂലം നിരന്തരം ചിത്രങ്ങൾ നമ്മുടെ കൺ മുന്നിലൂടെ മാറി മാറി



വരുമ്പോൾ അത് ചലിക്കുന്നതായി നമുക്ക് തോന്നുന്നു .ഒരു സെക്കന്റിൽ 12 -24 തവണ ചിത്രങ്ങൾ മാറുമ്പോൾ(പിക്ചറ് ഫ്രെയിം ) ആണ് സാധാരണ വേഗതയിൽ ഉള്ള ഒരു ചലച്ചിത്രമുണ്ടാകുന്നത് ചിത്രങ്ങളുടെ എണ്ണം ക്രമീകരിക്കുമ്പോൾ നമുക്ക് ചലച്ചിത്രത്തിന്റെ വേഗത ക്രമീകരിക്കാൻ ആകുന്നു

# അനിമേഷന്റെ മുൻഗാമികൾ

ഇൻഗ്ലന്റ് കാരനായ ജോൺ എ പാരീസ് 1825 ൽ നിർമിച്ച തോമ ട്രോപ് ആണ് ആനിമേഷന്റെ അറിഞ്ഞോയപ്പെടുന്ന മുൻഗാമികളിൽ ആദ്യത്തേത് .ഒരു ഡിസ്ക് ന്റെ ഇരുവശത്തും ചിത്രങ്ങൾ വരച്ചു ഒരു ചരടിന്റെ സഹായത്തോടെ ഡിസ്ക് വേഗത്തിൽ കറക്കി പുതിയൊയൊരു ചിത്രം ഉണ്ടാക്കുകയാണ് തോമോ ട്രോപ്




തോമാട്രോപ്പ്

ചെയ്യ്ത് .ഡിസ്ക് ന്റെ ഒരു വശത്തു പക്ഷിയെയും മറു വശത്തു പക്ഷിക്കൂടും വരച്ചതിന് ശേഷം അത് വേഗത്തിൽ കറക്കുമ്പോൾ പക്ഷി കൂട്ടിനുള്ളിൽ ഇരിക്കുന്ന പുതിയൊരു ചിത്രം ലഭിക്കുന്നു .

## പ്രാക്സിനോസ്കോപ്പ് ന്റെ കണ്ടുപിടുത്തം

ആധുനിക അനിമേഷന്റെ യഥാർത്ഥ മുൻഗാമി എന്നറിയപ്പെടുന്നത് 1877 ൽ നിർമ്മിക്കപ്പെട്ട പ്രാക്സിനോസ്കോപ് ആണ് . ഫ്രഞ്ച് കാരനായ എമിലി റെയ്നോഡ് ആണ് ഇത് കണ്ടെത്തിയത് . അനിമേഷൻ തയ്യാറാക്കുവാൻ നിർമിച്ച അനേകം ചിത്രങ്ങൾ ഒരു സിലിണ്ടറിൽ



പ്രാക്സിനോസ്കോപ്

ഘടിപ്പിച്ച ശേഷം ഒരു കണ്ണാടിയിൽ കൂടി ലഭിക്കുന്ന പ്രതിബിംബചിത്രങ്ങളിലൂടെ അനിമേഷൻ ചിത്രം ഉണ്ടാക്കുന്ന രീതിയാണ് പ്രാകിനോസ്സ്കോപ്പിൽ ഉള്ളത് .

# അനിമേഷന്റെ വളർച്ച

ചലചിത്രത്തിന്റെ കണ്ടുപിടിത്തവും വളർച്ചയും അനിമേഷന്റെ വളർച്ചക്കും സഹായമായിട്ടുണ്ട് . ആദ്യകാലത്തു നിർമിച്ച പല ചലച്ചിത്രങ്ങളിൽത്തന്നെ അനിമേഷൻ രീതി ഉപയോഗിച്ചിരുന്നു . ആദ്യകാല ചലച്ചിത്രകാരന്മാരിൽ പ്രമുഖനായ ഫ്രഞ്ചുകാരനായ ജോർജ് മെലി"സ്റ്റോപ്പ് ആക്ഷൻ" എന്ന അനിമേഷൻ രീതി ഉപയോഗിച്ച് ആളുകളെ ഹരം കൊള്ളിച്ചു .1907 ൽ അമേരിക്കക്കാരനായ ജെ സ്റ്റുവാർട്ട് ബ്ലാക് ടൺ ആദ്യത്തെ അനിമേഷൻ ചിത്രം നിർമ്മിച്ചു . "ഹ്യൂമറസ് ഫെയ്സസ് ഓഫ് ഫണ്ണി ഫെയ്സസ് " എന്നായിരുന്നു ചിത്രത്തിന്റെ പേര് . ശബ്ദ ചിത്രങ്ങൾ വന്നതോടെ അനിമേഷൻ രംഗത്ത് പുതിയ പരീക്ഷണങ്ങളുമായി അമേരിക്കക്കാരനായ വാൾട് ഡിസ്നി എത്തുകയും ഇത് അനിമേഷനെ പുതിയ തലത്തിലേക്ക് വളർത്തുകയും ചെയ്തു . ഇദ്ദേഹം കാർട്ടൂണുകളുടെ കുലപതി എന്നറിയപ്പെടുന്നു.

ചെറുകഥ

ആയിഷ നസ്നിൻ

## സന്മനസ്സു ഉള്ളവർക്ക് സമാധാനം

റോഡ് ഒഴിഞ്ഞു കിടക്കുന്നു ഡിസംബറിന്റെ തണുപ്പിലൂടെ പീറ്റർ നടന്നു . രണ്ടു ദിവസം കഴിഞ്ഞാൽ ക്രിസ്തുമസ് ആണ് കൃസ്മസ് ദിനം കടന്നു പോകണം എങ്കിൽ കയ്യിൽ കുറച്ചു കാശ് എങ്കിലും എത്തിച്ചേരാതെ നിവർത്തിയില്ല . പകൽ തൊട്ടു രാത്രി വരെ ഫുഡ് ഡെലിവറി ചെയ്തു കയ്യിൽ ഉള്ളത് അഞ്ഞൂറ് രൂപ മാത്രം ആണ് .ഇത് കൊണ്ട് ഒരു കേക്ക് വാങ്ങാം എന്നല്ലാതെ മറ്റു ചിലവുകൾ ഒന്നും തന്നെ നടക്കില്ല . കഴിഞ്ഞ ക്രിസ്തുമസിൽ കുഞ്ഞുമോൾ വാങ്ങി തരാമോ എന്ന് ചോദിച്ച മഞ്ഞ ഫ്രോക് ഈ കൃസ്തുമസ് ന വാങ്ങി കൊടുക്കാം എന്നവളോട് വാക്ക് പറഞ്ഞതാണ് , വാസുവിന്റെ ക്രിസ്തുമസ് ഒരു കേക്കിലും മകൾക്കു ഒരു കൊല്ലത്തിൽ ഒരിക്കൽ വരുന്ന ചെറിയ മോഹത്തിലും ഒതുങ്ങുന്നതാണ് . വീട്ടിലെ മറ്റു അന്തേ വാസികൾ ആയ കുഞ്ഞൊളിന്റെ അമ്മച്ചിക്കും പീറ്ററിന്റെ അമ്മച്ചിക്കും കാര്യമായ മോഹങ്ങളോ ആവശ്യങ്ങളോ ഒന്നും തന്നെ ഇല്ല എങ്കിലും കൃസ്തുമസ് ന്റെ അന്നെങ്കിലും രുചിയുള്ള ഭക്ഷണം ഒരുക്കേണ്ടത് പ്രായമായ അമ്മച്ചിയോടും കൊച്ചിനോടും ചെയ്യേണ്ട കടമയാണ് എന്ന് പീറ്ററിന് ഒരു തോന്നൽ ഉണ്ട് .

ആയുസ്സിന്റെ അവസാനം എത്തിയ അമ്മച്ചിയും ജീവിതത്തിന്റെ തുടക്കം എത്തിയ മോളും നിറമുള്ള കൃസ്തുമസ് കാണട്ടെ . ഓരോന്ന് ആലോചിച്ചു പീറ്റർ വീട്ടിൽ എത്തി ഉമ്മറത്ത് ഏതു തീയിലും തണലായ തന്റെ പാതി കാത്തിരിക്കുന്നുണ്ടെന്ന് എന്താ വൈകിയേ ? അവൾ ചോദിച്ചു . ഇന്ന് ഓട്ടം കുറവായിരുന്നു വൈകുന്നേരത്തിന ശേഷം ഓർഡർ ഒന്നും ലഭിച്ചില്ല അതുകൊണ്ടു പത്തു മണിക്ക് ശേഷം കുറച്ചു നേരം കൂടെ നിൽക്കാമെന്ന് കരുതി . ഉം ...അവൾ ചെറുതായൊന്നു മൂളി . ഈ കൃസ്തുമസ്സും സാധാരണ ഒരു ദിവസം പോലെ കടന്നു പോകുമെന്ന് അവൾ ഉറപ്പിച്ചു . പിറ്റേ ദിവസം നേരത്തെ പീറ്റർ ഇറങ്ങി തന്റെ സുഹൃത്തിന്റെ വീട്ടിൽ പാർക്ക് ചെയ്ത ബൈക്ക് എടുത്തു . പീറ്റർ ന്റെ പ്രതീക്ഷക്കു വിപരീതമായി അന്നും അയാൾക്ക് കിട്ടുന്ന ഓർഡർ വളരെ കുറവായിരുന്നു . വൈകുന്നേരവും പീറ്റർ ന്റെ അവസ്ഥയിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായില്ല . ഇനി നിന്നിട്ടും കാര്യമില്ല എന്ന് മനസ്സിലാക്കിയ പീറ്റർ തന്റെ ബൈക്ക് സ്റ്റാർട്ട് ചെയ്തു വീട്ടിലേക്കു തിരിച്ചു . പോകുന്ന വഴികളിൽ ശിഖിരങ്ങൾ കൊണ്ട് പന്തൽ തീർത്ത മരങ്ങളുടെ നിഴലുകൾ പൂർണ്ണ ചന്ദ്രന്റെ വെളിച്ചത്തിൽ റോഡുകളിൽ വീണു കിടക്കുന്നു . വഴിയരികിലെ വീടുകളിൽ അലങ്കാര ദീപങ്ങൾ മിന്നുന്നതു കാണാമായിരുന്നു



കുട്ടികൾ ഉല്ലസിച്ചു പടക്കങ്ങൾ പൊട്ടിക്കുന്നു . പല വിധ ഭക്ഷണങ്ങളുടെ മണം തെരുവിലേക്ക്  ഒഴുകി വരുന്നു. കൃസ്തുമസ്സു നിറം ലഭിച്ചവരുടെ ആഘോഷമാണ് . താൻ വീട്ടിൽ ചെല്ലുമ്പോൾ റേഷൻ അരി കൊണ്ട് കഞ്ഞി വച്ച് തേങ്ങാ ചമ്മന്തിയും ഒരുക്കി തന്നെ കാത്തിരിക്കുന്ന ഭാര്യയുടെ മുഖം അയാളുടെ മനസ്സിലേക്ക് ഓടി എത്തി . മകൾ ഒരു മുഷിഞ്ഞ പെറ്റികോട്ടും ധരിച്ചു ഉറങ്ങി കാണും, ചിന്തകൾ പീറ്ററിനെ സ്ഥലകാല ബോധ്യങ്ങളിൽ നിന്നും മറച്ചു .തനിക്കു തിരിയേണ്ട ഇടവഴികൾ പിന്നിട്ടു പീറ്ററും ബൈക്ക് ഉം മുന്നോട്ടു നീങ്ങി . "ഡോ ഡെലിവറികാര " ഡോ നില്ലടോ .... ഇരുളിനെ കീറി എത്തിയ ശബ്ദം അയാളുടെ കാതുകളിൽ എത്തി അയാൾ ബൈക്ക് സഡൻ ബ്രേക്ക് ഇട്ടു . ഇരുട്ടിൽ നിന്നും ഒരു അറുപതോ അറുപത്തി അഞ്ചൊ വയസ്സുള്ള രൂപം അയാളുടെ നേർക്ക് വന്നു . ഡോ താൻ ഡ്യൂട്ടി അവസാനിപ്പിച്ചോ ? വീട്ടിൽ പോകുവായിരിക്കും അല്ലെ ? ആ വൃദ്ധൻ ചോദിച്ചു .... പീറ്റർ അപ്പോളാണ് തന്റെ ചുറ്റും ശ്രദ്ധിച്ചത് . പരിചിതമല്ലാത്ത ചെറിയ റോഡ് . ചുറ്റും മൂന്നോ നാലോ ഇട വിട്ടുള്ള വീടുകൾ ...തനിക്കു വഴി തെറ്റിയിരിക്കുന്നു ....പീറ്ററെ  തന്നെ നോക്കി കൊണ്ട് ആ വൃദ്ധൻ നിൽക്കുന്നു . അയാൾ ചോദ്യം ആവർത്തിചു . ആ ഞാൻ ഡ്യൂട്ടി നിർത്തി പോകുക ആയിരുന്നു ..വഴി ഒന്ന് തെറ്റി . വൃദ്ധൻ ചിരിച്ചു കൊണ്ട് പറഞ്ഞു അത് നന്നായെടോ , എനിക്കൊരു കാരമേൽ കേക്ക് വേണം  താൻ പോയി വേടിച്ചു കൊണ്ട് വരാമോ ? എനിക്ക് വീട്ടിൽ പോണം ഭാര്യയും മകളും കാത്തിരിക്കുന്നു ന്തായാലും ഡ്യൂട്ടി നിർത്തി ഇനി വയ്യ . ഹ! ഒരു സഹായം ചെയടോ . വീട്ടിൽ ഞാൻ ഒറ്റക്കെ ഉള്ളു ആരോടും പറയാൻ ഇല്ല . ഇനി ഈ നേരത്തു സഹായത്തിന ആരേം കിട്ടുകയും ഇല്ല . വൃദ്ധന്റെ നിസ്സഹായാവസ്ഥയിൽ ഒന്ന് മനസ്സ് അലിഞ്ഞ പീറ്റർ ശരി എന്ന് സമ്മതിച്ചു . വൃദ്ധൻ പറഞ്ഞു ഞാനം കൂടി തെന്റെ ബൈക്കിൽ വരാം നല്ല കേക്ക് നോക്കി എനിക്ക് തിരഞ്ഞെടുക്കാമല്ലോ ... അയാൾ ആ വൃദ്ധനെയും കൂട്ടി യാത്ര തുടങ്ങി , വൃദ്ധൻ പറഞ്ഞ വഴികളിലൂടെ പീറ്റർ ബൈക്ക് ഓടിച്ചു കണ്ടാൽ പഴയതു എന്ന് തോന്നിക്കുന്ന പുറമെ ചില്ലു ഇട്ട ഒരു ബേക്കറിയുടെ മുന്നിൽ എത്തി . വൃദ്ധൻ സന്തോഷത്തോടെ ഉള്ളിലേക്ക് ചെന്നു. വൃദ്ധന്റെ അത്രയും പ്രായമായ ഒരാൾ കടയിൽ നിന്നും ഇറങ്ങി വന്നു വൃദ്ധനെ കണ്ട പാടെ അയാൾ ഓടി വന്നു കെട്ടി പിടിച്ചു ഇത്തവണയും താൻ ഈ കാരമ്മൽ കേക്ക് അന്വേഷിച്ചു വരും എന്ന് എനിക്കറിയാമായിരുന്നു  അയാൾ പറഞ്ഞു ... മുഴക്കമുള്ള ചിരിയോടെ ഇരുവരും സംസാരിക്കുന്നതു പീറ്റർ നോക്കി നിന്നു . തനിക്കു കാര്യമായ ലാഭം ഇല്ലാത്ത ഇടപാട് ആണെങ്കിലും പൈസക്ക് അപ്പുറം അവർ രണ്ടു പേരുടെയും ആഹ്ലാദ നേരത്തെ പീറ്റർ

> തന്റെ വീട്ടിൽ ആരൊക്കെ ഉണ്ട് വൃദ്ധൻ ചോദിച്ചു ....ഒരു മകളും ഭാര്യയും പിന്നെ എന്റെ അമ്മച്ചിയും ...ആഹാ ഇത്തവണ കൃസ്തുമസ് കളർ ആക്കാനുള്ള വക ഒക്കെ ഓത്തുകാണുമല്ലോ

ആസ്വദിച്ചു നിന്നു . കുറച്ചു സമയങ്ങൾക്കു ശേഷം കയ്യിൽ ഒരു കേക്ക് ബോക്സും ആയി വൃദ്ധൻ വന്നു ,"പോകാമെടോ "അയാൾ ഒരു ഹൃദ്യമായ പുഞ്ചിരിയോടെ പീറ്ററിനോട് പറഞ്ഞു . "പഴയ ആളുകൾക്കെ ഈ കേക്ക് കട അറിയൂ ,അയാളുടെ കസ്റ്റമേഴ്‌സ് ൽ ഭൂരിഭാഗവും അയാളുടെ കേക്കിന്റെ രുചി അറിഞ്ഞ എന്നെ പോലുള്ള വയസ്സന്മാർ ആണ്" തിരിച്ചുള്ള യാത്രയിൽ വൃദ്ധൻ ആ കേക്ക് കടക്കാരനുമായുള്ള സൗഹൃദത്തെ കുറിച്ചാണ് സംസാരിച്ചത് .. ഇനിയും കുറച്ചു സാധനങ്ങൾ വാങ്ങാനായി ഉണ്ട് താൻ ഒരു സൂപ്പർ മാർക്കറ്റിലും ഒരു ഇറച്ചി കട കണ്ടാലും വണ്ടി ഒന്ന് ചവിട്ടിക്കൊ ...പീറ്റർ വഴിയിലെ ഒരു സൂപ്പർ ,മാർകെറ്റിൽ വണ്ടി നിർത്തി കാത്തു നിന്നു . കയ്യിൽ വലിയൊരു സഞ്ചിയും പേറി വൃദ്ധൻ തിരിച്ചു വന്നു . ഇനി കുറച്ചു ഇറച്ചി കൂടി കിട്ടിയാൽ എന്റെ ഈ വർഷത്തെ കൃസ്തുമസ് ആഘോഷ ഒരുക്കങ്ങൾ കഴിഞ്ഞു . പീറ്റർ അയാളെയും കൊണ്ട് ഇറച്ചി കടയിലേക്ക് നീങ്ങി . . തന്റെ വീട്ടിൽ ആരൊക്കെ ഉണ്ട് വൃദ്ധൻ ചോദിച്ചു ....ഒരു മകളും ഭാര്യയും പിന്നെ എന്റെ അമ്മച്ചിയും ...ആഹാ ഇത്തവണ കൃസ്തുമസ് കളർ ആക്കാനുള്ള വക ഒക്കെ ഓത്തുകാണുമല്ലോ ല്ലേ ? ഏയ് ... എനിക്ക് എല്ലാ ദിവസത്തെ പോലെ സാധാരണ ഒരു ദിവസം ആയി ഈ കൃസ്തുമസ്സും കടന്നു പോകും വൃദ്ധന്റെ ചോദ്യത്തിന് ഒരല്പ്പം നിരാശയോടെ പീറ്റർ ഉത്തരം പറഞ്ഞു ...... തുടർന്ന് ഇരുവരുംവൃദ്ധന്റെ



മുഴക്കമുള്ള ചിരിയുടെ കുറച്ചു നേരം സമ്മാനിച്ച വൃദ്ധന്റെ കയ്യിൽ നിന്നും പൈസ ഒന്നും വെടിക്കണ്ട എന്ന് പീറ്റർ തീരുമാനിച്ചു .നന്ദിയുണ്ട് പുറത്തു കൊണ്ട് പോയതിന് , എല്ലാത്തിനും കൂടെ വന്നതിനു . ഇടക്കെപ്പോളോ തോന്നി ഞാൻ എന്റെ മകന്റെ കൂടെ ആണ് യാത്ര ചെയ്യുന്നത് എന്നു ....നിറഞ്ഞ ചിരിയോടെ വൃദ്ധൻ പീറ്ററിന്റെ തോളിൽ കൈ വച്ച് പറഞ്ഞു . പീറ്ററിന്റെ കണ്ണുകൾ നിറഞ്ഞു അയാൾ കൈ കൂപ്പി എന്ത് പറയണം എന്ന് അറിയാതെ നിന്നു , ഈ സഞ്ചിയും കേക്കും തനിക്കുള്ളതാണ് ...ഒരു നല്ല നേരം തന്നതിന്റെ സമ്മാനമായിട്ടു ... എന്റെ കൃസ്തുമസ് ആഘോഷം ഇത്തവണ കളർ ആയി തന്നെ കണ്ടു മുട്ടിയത് മുതൽ . ഇത്തവണ കൃസ്തുമസ് സമ്മാനം നല്കാൻ എനിക്കൊരാളെ കിട്ടിഡോ .അയാൾ സന്തോഷത്തോടെ പറഞ്ഞു . പീറ്റർ ആ വൃദ്ധനെ കെട്ടിപിടിച്ചു നന്ദി പറഞ്ഞു . ആ വൃദ്ധൻ കണക്കാക്കിയിരുന്നത് തനിക്കു കിട്ടാവുന്ന ഏറ്റവും വലിയ കൃസ്തുമസ് സമ്മാനം ആരുടെ എങ്കിലും ഒരു കൂട്ട് ആയിരുന്നു എന്ന് പീറ്ററിന് തോന്നി . പീറ്റർ തന്റെ വീട്ടിൽ എത്തി , അവിടെ തൻ ഏറ്റവും കൂടുതൽ ഇഷ്ടപെട്ട ദൈവ വചനം ഫ്രെയിം ചെയ്തു വച്ചതിലേക്കു നോക്കി പുഞ്ചിരിച്ചു അത് മനസ്സിൽ വായിച്ചു " സൻ മനസ്സുള്ളവർക്കു സമാധാനം " ........

## നറുങ്ങു കവിത

കദീജ ഹെംന

# ഒരില

മഴയറ്റു ...തുള്ളികളേറ്റപ്പോൾ
നിറഞ്ഞു
ചിരിച്ചൊരു തളിരിലക്ക് ശല്ക്കമാകാൻ
താണ്ടേണ്ടതൊരു മീനവെയിൽ കൂടി ...
കൊഴിയാരാകുന്നതിനു തൊട്ടു മുന്നേ
നീ ഒന്ന് കൂടി പെയ്യണം ......
ആ തണുപ്പുകൊണ്ടെനിക്ക് ഉടൽ
മൂടണം ......ഒടുവിൽ നിന്റെ തുള്ളികളുടെ
ഭാരം താങ്ങാനാവാതെ ഞാൻ
മണ്ണിലേക്കൂർന്നു വീഴണം ...എന്റെ
ബാല്യത്തെ സമൃദ്ധമാക്കിയ മഴയെ
എന്റെ ഒടുക്കത്തിലും നീ നിറഞ്ഞു
പെയ്യണം ...ചുടു കാറ്റിന്റെ ഗന്ധമേറ്റ്
എന്റെ മേലുണങ്ങുന്ന ആ മീന
തീ വെയിലിനൊടുവിൽ ഈ മരം
വിട്ടൊരിടവപ്പാതിക്കു
പൊഴിയണമെനിക്ക് ....

# നിശാ  ശലഭങ്ങൾ അവർ ഇരുളിന്റെ മക്കൾ





ഭ്രമണം കഴിഞ്ഞു പകലായി

ഇരുളിന്റെ പട്ടടക്കു തിരി
കത്തി പടരുന്ന നേരമായി

നാം രണ്ടു നിശാ  ശലഭങ്ങളി
ന്നലെ  ചിറകു വച്ചീ നിലാവിന്റെ
വെട്ടത്തിൽ പറന്നവർ ........



ഇരുളിനെ കീറി ഇങ്ങെത്തിയ
നിലാവിൽ കൺ മിഴിച്ചു
നാം നമ്മുടെ നിഴലുകൾ
കണ്ടു ചിരിച്ചതോർക്കു ...

പൊങ്ങി പറന്നു ഞാൻ നിന്നെ
നോക്കും നീ എന്റെ പിറകിലായി
പറന്നെന്നെ നോക്കി  ചിരിച്ചു
കുതറി പറന്നെന്റെ മുന്നിലെത്തും
നേരം നിന്റെ ചിറകു തളരുമെന്നോർത്തു
ഞാൻ താണു  പറക്കുന്ന മാത്രയിൽ
എന്റെ ചിറകിൽ ചിറകു വച്ച്
നീ പുഞ്ചിരിക്കും .....

കഥകളോരോന്നുംമങ്ങനെ പറഞ്ഞു
നാം പൊങ്ങി പറന്നീ
നിലാവിന്റെ കുളിരിലങ്ങനെ ...
രസമുള്ള ചിരിയുള്ള കഥകളുമായി
എത്ര ദൂരമെത്ര കാതമെങ്ങനെ ...?

സഖി നാം രണ്ടു നിശാ ശലഭങ്ങൾ
ഇരുളിന്റെ ജീവനറ്റുടയുന്ന നേരത്തു
ചിറകു തളർന്നു വീഴേണ്ടവർ ...

ഇനി പറയാനെന്തെങ്കിലും കഥ
 ബാക്കി എങ്കിൽ പറയുക
പകലിനിനി ഇരു നാഴിക നേരം
കൂടി ബാക്കിയുണ്ട്

ചിറകു തളർന്നീ മണ്ണിലൊട്ടുമ്പോഴും

നാം കഥ പറഞ്ഞീടണം മനസ്സൊഴിഞ്ഞു
രണ്ടാത്മാക്കളായി മാറുന്ന നേരം നാം
രണ്ടു ഭാരമില്ലാ ശലഭങ്ങൾ

എന്റെ ചിറക്  തളരുന്നു സഖി ..
ഒരുപാടു നേരമുണ്ടെങ്കിലും ഒരു
കഥ മുഴുമിപ്പിക്കാത്തി മർത്യനെ
നോക്കി ചിരിച്ചീ തളരുന്ന
ചിറകോടെ മണ്ണിലേക്കൂർനിടാമിനി

ചിരി തൂകി കഥ പറഞ്ഞങ്ങനെ
പൊങ്ങി പറന്നീ നിലാവിന്റെ
അരുമയായി തീരേണ്ട സന്തതികളായി
തന്നെ നാമിനി പുനർജനിക്കും

ക്ഷണ നേരത്തിനായി കിട്ടിയ
വാഴ്വിലോട്ടും ദുഃഖം വരാത്ത നാം
മർത്യരെക്കാളേറെ ശ്രേഷ്ഠരല്ലേ ...?

ഇനിയുമൊരു ജന്മമുണ്ടെന്നുട
യോന്റെ വിധിവന്നാൽ നാം
രണ്ടു നിശാശലഭങ്ങളായി
ങ്ങനെ പുനർജനിക്കും .....

(വെളിച്ചം വന്നു ചിറകു തളർന്ന
നിശാ ശലഭങ്ങൾ മണ്ണിനോട് ഒട്ടി
ജീവൻ പോകുന്നതിനു മുന്നേ  അവൾ
അവനോടു ഒരു കഥ കൂടി പറഞ്ഞു
മുഴുമിപ്പിച്ചു .......)



എന്റെ ചിറക്  തളരുന്നു
സഖി ..
ഒരുപാടു നേരമുണ്ടെങ്കിലും ഒരു
കഥ മുഴുമിപ്പിക്കാത്തി മർത്യനെ
നോക്കി ചിരിച്ചീ തളരുന്ന
ചിറകോടെ
മണ്ണിലേക്കൂർനിടാമിനി

ചിരി തൂകി കഥ പറഞ്ഞങ്ങനെ
പൊങ്ങി പറന്നീ നിലാവിന്റെ
അരുമയായി തീരേണ്ട
സന്തതികളായി



# കുപ്പി വളകൾ

റിയ ഫാത്തിമ

ഇപ്രാശ്യത്തെ ഉത്സവത്തിന് കൊറേ ആന ഇണ്ടല്ലോ ഉണ്ണ്യേ ?
രേവതി ചോദിച്ചു
ഉമ്മ് ..ഉണ്ണിക്കുട്ടൻ മനസ്സിൽ കനത്തു കൂടിയ വേദനയോടെ പറഞ്ഞു ..
പോണില്ലേ ഉണ്ണി ?
പോണില്ല ...ഉണ്ണി മറുപടി പറഞ്ഞു
ന്ത്യേ ?
ഞാൻ പോയാൽ ഏച്ചി ഇവിടെ ഒറ്റക്കാവില്ലേ ...?
പൊയ്ക്കോ ...ഏചിക്കിപ്പൊ ഒരു കൊഴപ്പോം ഇല്ല അടുത്ത ഉത്സവത്തിന് ഏച്ചി അസുഗം മാറി ഉത്സവത്തിന് ഉണ്ടാവും.
ഉണ്ണിക്കുട്ടന്റെ മുഖത്ത് ഒരു സന്തോഷത്തിന്റെ വെട്ടം പരന്നു ....

പിന്നെ ഉണ്ണ്യേ ...ചേച്ചിടെ കുട്ടി കളറ് മുട്ടായി ഒന്നും തിന്നരുതു ട്ടോ ..എല്ലാരും പറെണത് കളര് മുട്ടായി തിന്നിട്ടാ ചേച്ചിക്ക് അസുഗം വന്നേ എന്ന
ഞാൻ ഇനി തിന്നില്യ ...ഉണ്ണി മറുപടി പറഞ്ഞു
ആ തിന്നാൽ ഇടയ്ക്കു ഒക്കെ ഏച്ചി വേദനിച്ചു കരയണ പോലെ കരയേണ്ടി വരും ...രേവതി ഒരു നീറ്റലോടെ ഉണ്ണീടെ മുഖത്ത് നോക്കി .

ഏച്ചി നന്നായി വാടിയിരിക്കുന്നു ..ഒരു വര്ഷം മുന്നേ വരെ ചുവന്നു തുടുത്ത ആ മുഖത്തെ മാംസം ഇപ്പൊ എല്ലിനോട് ഒട്ടിയിരിക്കുന്നു , കണ്ണിന്റെ തിളക്കം പോയി , കറുത്ത് ചുരുണ്ടു നീളമുള്ള ഏച്ചി ടെ മുടി ഇപ്പൊ കുറെ കൊഴിഞ്ഞു പോയിരിക്കുന്നു ... ഏച്ചിയെ കുറച്ചു നേരം നോക്കി നിന്ന ഉണ്ണി

വഴിയിലുള്ള വർണ കാഴ്ചകളൊന്നും തന്നെ ഉണ്ണി ശ്രദ്ധിച്ചില്ല , ചങ്ങലയുടെ കിലുക്കം കേട്ടാൽ കൗതുകത്തോടെ ഓടി ചെന്ന് കാണാറുള്ള ആന യെയും ഉണ്ണിയുടെ കണ്ണിൽ പെട്ടില്ല . ഉത്സവത്തിന് ഏറെ പേടിയുള്ള വെടി പൊട്ടിക്കുന്ന ശബ്ദം ഉണ്ണി ഇത്തവണ കേട്ടതേ ഇല്ല ..



മനസ്സിൽ പറഞ്ഞു ഏച്ചി ക്കു എങ്ങനാ ഇത്ര പെട്ടെന്ന് വയസ്സായെ ?

ഇന്ന് ഏച്ചിക്കു വേദനക്ക് കുറവുണ്ടോ ?
ഉണ്ട് ...രേവതി പുഞ്ചിരിച്ചു ...
അപ്പൊ ഏച്ചിക്കു അസുഗം മാറുന്നുണ്ടല്ലേ ?....
ഉം ...
ന്ന ഞാൻ ഉത്സവത്തിന് പോട്ടെ ,പ്രാർത്ഥിക്കാം അടുത്ത വര്ഷം അസുഗം മാറിയ ഏച്ചി ടെ കൂടെ വന്നു മാല ചാർത്താം എന്ന് .. ന്ന ഉണ്ണി പോയി വേഗം പോരെ ..ഏച്ചി ടെ കയ്യിൽ ഒരു അമ്പതു രൂപ ഉണ്ട് വരുമ്പോ വെള്ളേം ചോപ്പും കളർ ഉള്ള കുപ്പി വള വേടിച്ചു കൊണ്ടാരോ ?

ആ കൊണ്ടരാ ...ഉണ്ണി പോയിട്ട് വേഗം വര

വഴിയിലുള്ള വർണ കാഴ്ചകളൊന്നും തന്നെ ഉണ്ണി ശ്രദ്ധിച്ചില്ല , ചങ്ങലയുടെ കിലുക്കം കേട്ടാൽ കൗതുകത്തോടെ ഓടി ചെന്ന് കാണാറുള്ള ആന യെയും ഉണ്ണിയുടെ കണ്ണിൽ പെട്ടില്ല . ഉത്സവത്തിന് ഏറെ പേടിയുള്ള വെടി പൊട്ടിക്കുന്ന ശബ്ദം ഉണ്ണി ഇത്തവണ കേട്ടതേ ഇല്ല .. വെള്ളേം ചോപ്പും കുപ്പി വള വിൽക്കുന്ന കട നോക്കി ഉണ്ണി നടന്നു ..

അമ്പത് ഉറുപ്യക്ക് വെള്ളേം ചോപ്പും കുപ്പി വള ....

കുപ്പി വള പൊതി നെഞ്ചോടു ചേർത്ത് ഉണ്ണി വീട്ടിലേക്കു ഓടി ......

പ്രിയ അധ്യാപകനൊപ്പം

**അഭിമുഖം**



# വിജയത്തിലേക്ക് ഒരു ട്രാക്ക് ദൂരം ..

"ഒരു കാലത്ത് മലപ്പുറത്തിന്റെ കായിക ഭൂപടത്തിൽ ഇല്ലാതിരുന്ന ഒരു പ്രദേശവും വിദ്യാലയവും .....കാലങ്ങൾക്കിപ്പുറം ഉപ ജില്ലയിലും ജില്ലയിലും സംസ്ഥാന തലത്തിലും നേട്ടങ്ങൾ കൊണ്ട് പേര് രേഖപ്പെടുത്തി ...ട്രാക്കുകൾ ഉണർന്നു ,സ്കൂൾ കായിക മൈതാനത്ത് ആരവങ്ങൾ ഉയർന്നു ...ട്രോഫികളും മെഡലുകളും സ്കൂളിലെ സ്ഥിരം അന്തേവാസികൾ ആയി മാറി ...ഇവിടെ മികച്ച അത്‌ലറ്റുകൾ പിറവി എടുക്കുന്നു "

ജലീല പറമ്പൻ 8f
ത്വയ്ബ 8c



## 2023 വർഷത്തെ ഉപജില്ലാ ഓവർ ഓൾ ട്രോഫി ഏറ്റു വാങ്ങുന്നു

സ്കൂളിൽ മാറ്റങ്ങളുടെ വിസിൽ വിളികൾ മുഴങ്ങുന്നത് 2015 ഓടെ ആണ് .2015 ൽ ഉബൈദ് മാഷിന് കായിക അധ്യാപകനായി സ്കൂളിൽ അപ്പോയന്റ്മെന്റ് ലഭിച്ചു .തുടക്കത്തിൽ അപ്പർ പ്രൈമറി തലത്തിൽ ജോലി ചെയ്യുകയും പിന്നീട് ഹൈ സ്കൂളിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയുമായിരുന്നു .ഉബൈദ് മാഷ് ജോലിയിൽ പ്രവേശിക്കുന്ന കാലത്തു സ്കൂളിലെ കായിക അന്തരീക്ഷം വളരെ കുറവായിരുന്നു . അക്കാദമിക് രംഗത്ത് അന്നും മുന്നിട്ടു നിന്നിരുന്ന സ്കൂളിന് കായിക രംഗത്ത് കൂടി മുന്നേറ്റമുണ്ടാക്കാൻ സാധിച്ചാൽ പഠനത്തോടൊപ്പം തന്നെ മികച്ച കായിക പ്രതിഭകളെയും വിദ്യാലയത്തിന് വാർത്തെടുക്കാൻ സാധിക്കുമായിരുന്നു . തുടർന്ന് അതിനുള്ള ശ്രമങ്ങളായി പിന്നെ . ”മികച്ച കായിക അന്തരീക്ഷം സൃഷ്ടിക്കണമെങ്കിൽ സ്കൂളിൽ എല്ലാ സ്പോർട്സ് ഉപകരണങ്ങളോടും കൂടിയ ഒരു സ്പോർട്സ് റൂം വേണമായിരുന്നു . ആദ്യമായി ഷോർട് പുട്ടിനുള്ള ഉപകരണം വാങ്ങി തന്നത് അന്നത്തെ ജെ ആർ സി അധ്യാപകനായിരുന്ന വിക്രമൻ സാർ ആയിരുന്നു ..വിദ്യാലയത്തിൽ സ്പോർട്സ് ന്റെ പ്രാധാന്യം മനസ്സിലാക്കിയ മാനേജ്മെന്റ് തുടർന്ന് ഓരോ വർഷങ്ങളിലും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനായി മുൻകൈ എടുത്തു കൂടെ നിന്നു ....ഇന്ന് സ്കൂളിന്റെ സ്പോർട്സ് റൂം എല്ലാ വിധ ഉപകരണങ്ങളോട് കൂടിയും സമൃദ്ധമാണ് ....” ഉബൈദ് മാഷിന്റെ വാക്കുകളിൽ ചെറുതല്ലാത്തൊരു പരിശ്രമത്തിന്റെ കഥ കൂടി കാണാം .

### എങ്ങനെ മാഷ് കായിക പ്രതിഭകളെ കണ്ടെത്തുന്നു ?

ഉള്ളിൽ സ്പോർട്സ് ഉള്ള ഒരു കുട്ടിക്കു ഒരിക്കലും അവന്റെ കൈ കാലുകളെ യും ശരീരത്തെയും ഒരിടത്തു ഒതുക്കി വച്ച് ചടഞ്ഞിരിക്കാനാകില്ല . എല്ലാ കുട്ടികൾക്കും സ്പോർട്സ് ഇഷ്ടം ആണെങ്കിലും മറ്റു കുട്ടികളിൽ നിന്ന് വ്യത്യസ്തമായി ഇത്തരം കുട്ടികൾക്ക് കൈ കാലുകളുടെ ചലനത്തിലുള്ള വേഗത യും ഒരു ഭാഗത്തു നിന്ന് മറ്റൊരു ഭാഗത്തേക്കുള്ള നീക്കവും വളരെ പെട്ടന്നായിരിക്കും . ഇത്തരം കുട്ടികളെ പി ഇ ടി പിരിയടുകളിൽ ഗ്രൗണ്ടുകളിൽ നിന്ന് തന്നെ ശ്രദ്ധിക്കാനാകും ..സ്പോർട്സ് മത്സരങ്ങളിലേക്കു എല്ലാ വർഷവും ഇവിടെ ഓപ്പൺ സെലക്ഷൻ നടത്താറുണ്ട് . അതിൽ വിജയിക്കുന്ന കുട്ടികൾക്ക് പിന്നീടു പരിശീലനം നൽകും . അതി രാവിലെയും വൈകീട്ടും കുട്ടികളെ പരിശീലിപ്പിക്കും . കഠിനമായി പരിശീലനത്തിൽ ഏർപ്പെടുന്ന കുട്ടികൾ ഉണ്ട് അവർക്കു ലക്ഷ്യമാണ് പ്രധാനം . പരിമിതികളെ മറന്നു മുന്നോട്ടു കുതിക്കാൻ പരിശ്രമം ശീലമാക്കണം . സ്പോർട്സ് ക്യാമ്പുകൾ തുടങ്ങിയത് കുട്ടികളിൽ ചിട്ടയായ പരിശീലനങ്ങൾ ക്രമപ്പെടുത്താൻ സഹായിച്ചു .എല്ലാ വർഷവും സ്പോർട്സ് ക്യാമ്പുകൾ നടത്താറുണ്ട്.

**ഇവിടെ ആൺ കുട്ടികളെ പോലെ തന്നെ പെൺകുട്ടികളും സ്പോർട്സ് ഗ്രൗണ്ടിൽ സജീവമാണല്ലോ ? പെൺ കുട്ടികളെ എങ്ങനെ ആണ് ഗ്രൗണ്ടിൽ എത്തിക്കുന്നത് ?**

തുടക്കത്തിൽ പെൺകുട്ടികൾ സ്പോർട്സിൽ പങ്കെടുക്കുന്നത് വിരളമായിരുന്നു . എന്നാൽ ഇപ്പോൾ ഓപ്പൺ സെലെക്ഷൻ ടൈമിൽ തന്നെ ഒരുപാടു പെൺകുട്ടികൾ വിവിധ മത്സരങ്ങളിൽ പങ്കെടുക്കാനായി മുന്നോട്ടു വരുന്നുണ്ട് . ഹൈദ്രബാദ് സ്റ്റേറ്റ് അത്ലറ്റിക് മീറ്റിൽ പങ്കെടുത്ത നൂർ ഫാത്തിമയെ പോലുള്ളവർ പെൺകുട്ടികളുടെ ഇടയിൽ നിന്നും ഉയർന്നു വരുന്നുണ്ടല്ലോ . സ്പോർട്സ് ആൺ കുട്ടികൾക്കുള്ളതാണ് എന്ന തെറ്റായ ധാരണ ഇപ്പൊ കൊറേ ഒക്കെ തിരുത്തപ്പെട്ടിട്ടുണ്ട് . സ്പോർട്സിനോടുള്ള താല്പര്യം മൂലം ഇവിടെ അഡ്മിഷൻ എടുക്കുന്ന പെൺകുട്ടികൾ ഉണ്ട് , ഇവരെ ഒക്കെ ഉയർത്തി കൊണ്ട് വരാൻ ഉള്ള ശ്രമങ്ങൾ സ്പോർട്സ് അക്കാദമി നടത്തുന്നുണ്ട് .




**കായിക മത്സരങ്ങളിൽ സ്കൂളിന് ഉണ്ടായ നേട്ടങ്ങൾ ?**

തുടർച്ചയായി ആറാം തവണയും കുറ്റിപ്പുറം ഉപജില്ലാ ഓവർ ഓൾ ചാമ്പ്യൻമാരാകാൻ സാധിച്ചു . ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി ഈ വർഷവും കുറ്റിപ്പുറം ഉപജില്ലയിൽ വിജയികൾ ആയി .മുൻപ് മുപ്പത്തി എട്ടാം സ്ഥാനതായിരുന്നു നമ്മൾ . പല പ്രതിസന്ധികളെയും കഠിനാധ്വാനം കൊണ്ട് തരണം ചെയ്തു ഈ എട്ടു വര്ഷത്തിനിടക്ക് നമ്മുടെ കുട്ടികൾ സ്റ്റേറ്റ് മത്സരങ്ങളിലും ദേശിയ മത്സരങ്ങളിലും പങ്കെടുത്തത് അഭിമാനകരമായ നേട്ടം ആയി കണക്കാക്കുന്നു . ബീഹാറിൽ നാഷണൽ ഇന്റർ ഡിസ്ട്രിക്ട് മീറ്റിൽ പങ്കെടുത്ത ഹംദാൻ ,ഞാൻ നേരത്തെ പറഞ്ഞ നൂർ ഫാത്തിമ കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വോക്കിങ്ങിൽ റെക്കോർഡ് നേട്ടം കരസ്ഥമാക്കിയ സിയാദ് ഡിസ്ട്രിക്ട് അമേചർ മീറ്റിൽ ഓട്ടത്തിൽ ഗോൾഡ് മെഡൽ നേടിയ മിന്ഹാജ് , വോക്കിങ്ങിൽ മെഡൽ നേടിയ മുഹമ്മദ് എന്നിവരൊക്കെ ഈ വിദ്യാലയത്തിന്റെ അഭിമാന താരങ്ങൾ ആണ് . ഒരു അധ്യാപകൻ വിജയിക്കുന്നത് അയാളുടെ വിദ്യാർത്ഥികൾ ലക്ഷ്യസ്ഥാനത്തു എത്തുമ്പോൾ ആണെന്നുള്ള ഒരു പാഠം കൂടി ഇതിലുണ്ട് .

**നേരിട്ടിട്ടുള്ള പ്രയാസങ്ങൾ ?**

സെലക്ഷൻ ലഭിച്ചു പരിശീലനം നേടി വിവിധ മത്സരങ്ങളിൽ പങ്കെടുത്തു ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾ തുടർന്നുള്ള മത്സരങ്ങളിൽ പങ്കെടുക്കാതെ പിന്മാറുന്നത് വേദന ഉണ്ടാക്കുന്നൊരു കാര്യമായി തോന്നാറുണ്ട് . വീട്ടുകാരുടെ താല്പര്യക്കുറവായിരിക്കാം കാരണമെന്നു തോന്നുന്നു . സ്പോർട്സ് ആക്റ്റിവിറ്റീസിൽ പങ്കെടുത്താൽ അത് പഠനത്തെ ബാധിക്കുമോ എന്നൊരു ആശങ്ക ചില

രക്ഷിതാക്കൾക്കുണ്ട് . ചില വർഷങ്ങളിൽ എല്ലാ പരിശീലനവും പൂർത്തി ആക്കിയ വിദ്യാർത്ഥികൾ സ്പോർട്സ് മത്സരങ്ങൾ തുടങ്ങുന്നതിനു തലേന്ന് വന്നു പറയും സാറെ ഞാൻ ഒഴിയുകയാണ് എന്ന് ...മികച്ച വിദ്യാർത്ഥികളെ തന്നെ ആണ് തിരഞ്ഞെടുക്കുന്നതും പരിശീലനം കൊടുക്കുന്നതും ഇവരുടെ പെട്ടെന്നുള്ള പിന്മാറൽ ഉപജില്ല ,ജില്ല പോലുള്ള മത്സരങ്ങളിൽ പോയിന്റ് നില കുറയാൻ കാരണമാകാറുണ്ട് . കായികം ഒരിക്കലും പഠനത്തെ ബാധിക്കുന്ന ഒന്നല്ല സ്പോർട്സ് നമ്മളെ പഠിപ്പിക്കുന്നതു പ്രതിസന്ധികളെ തരണം ചെയ്തു മുന്നോട്ടു കുതിക്കാനും ലക്ഷ്യത്തിലേക്കു എത്താനും ആണ് . ഈ വഴിയിൽ പരാജയങ്ങളെ അഭിമുഖീകരിക്കുന്നു അവിടുന്ന് എണീറ്റ് വീണ്ടും ലക്ഷ്യത്തിലേക്കു കുതിക്കുന്നു . ഇവിടെ വലിയൊരു ജീവിത പാഠം തന്നെ സ്പോർട്സ് നമ്മളെ പഠിപ്പിക്കുന്നുണ്ട് . മനസ്സിനും ശരീരത്തിനും ഊർജം നൽകുന്ന സ്പോർട്സ് പോലുള്ള പഠ്യേതര പ്രവർത്തനങ്ങളിൽ നിന്ന് കുട്ടികൾ വിട്ടു നിൽക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത് .

### ഇഷ്ടപെട്ട കായിക താരം ?

സച്ചിൻ ടെണ്ടുൽക്കർ........ "നിങ്ങളുടെ സ്വപ്നങ്ങളെ പിന്തുടരുന്നത് നിർത്തരുത് , ഒരു ദിവസം അവ യാഥാർഥ്യമാകും " അദ്ദേഹത്തിന്റെ ഈ വാക്കുകൾ ഒരുപാട് ഇൻസ്പിരേഷൻ ആയി തോന്നിയിട്ടുണ്ട് , വെറും വാക്കുകൾ അല്ല അദ്ദേഹത്തിന്റെ ജീവിത അനുഭവങ്ങളിൽ നിന്നും രൂപം കൊണ്ട വാക്കുകൾ . തന്റെ ഏറ്റവും വലിയ സ്വപ്നം ആയ ഒരു ക്രിക്കറ്റ് പ്ലയെർ ആകുക എന്ന ആഗ്രഹത്തിന് പിന്നാലെ അദ്ദേഹം സഞ്ചരിച്ചു . സച്ചിൻ തെൻഡുൽക്കറിന്റെ ജീവിതം എടുത്തു നോക്കിയാൽ അറിയാം നിരവധി പരാജയങ്ങളിലൂടെ അദ്ദേഹം കടന്നു പോയിട്ടുണ്ടെന്ന് . പരാജയത്തിൽ നിന്നും തിരിച്ചടികളിൽ നിന്നും തന്നെ ആണ് വിജയം ഉണ്ടാകുന്നതു . സ്വപ്നങ്ങൾ അടക്കി വെക്കാനുള്ളതല്ല എന്നാണ് സച്ചിൻ നമ്മളെ പഠിപ്പിക്കുന്നത് .




ജില്ലാ സ്കൂൾ കായിക മേളയിൽ സീനിയർ ബോയ്സ് 5 Km വാക്കിങ്ങിൽ ബ്രോൺസ് മെഡൽ നേടിയ മുഹമ്മദ് .

# വരയും വർണങ്ങളും



അഭിനവ് (10A )

വർണ്ണങ്ങൾ കടലാസ്സിൽ പടരുന്നു , രണ്ടു നിറങ്ങൾ യോജിച്ചു മൂന്നാമതൊരു നിറം ഉണ്ടാകുന്നു ,ചായങ്ങൾക്കു മാന്ത്രികത ഉള്ള പോലെ ......അവ പരസ്പരം പടർന്നു ചിത്രങ്ങളായി മാറുന്നു . അഭിനവ് ചിത്രം വരയ്ക്കുകയാണ് ......നാടും നാട്ടുവഴികളും തെരുവുകളിലെ കാഴ്ചകളും മനുഷ്യരും പ്രകൃതിയും എല്ലാം എവിടെ ഒക്കെയോ കണ്ടു പരിചയം ഉള്ള പോലെ ക്യാൻവാസിൽ പതിഞ്ഞിട്ടുണ്ട്. ചിത്ര കലയുടെ വരകളെയും വര്ണങ്ങളെയും കുറിച്ച് അഭിനവിനെ പഠിപ്പിക്കുന്നത് സ്കൂളിലെ ചിത്രകലാ അധ്യാപിക ആയ സവിത ദാസ് ആണ് .



അക്രിലിക് പെയിന്റിംഗ്

അഞ്ചാം ക്ലാസ് മുതൽ വിവിധ ചിത്ര രചന മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള അഭിനവ് സ്കൂളിനെ പ്രതിനിധീകരിച്ചു ഉപജില്ലാ ഗണിത ശാസ്ത്ര മേളയിൽ ജോമെട്രിക് ഡിസൈനിങ്ങിലും പങ്കെടുത്തു വിജയി ആകാറുണ്ട് . എല്ലാ വർഷവും ഉപ ജില്ലാ കലോത്സവത്തിൽ എണ്ണച്ചായം ,ജല ച്ചായം എന്നിവയിൽ പങ്കെടുത്തു ജില്ലയിൽ എത്തുകയും 2022 മലപ്പുറം ജില്ലാ കല്ലോസവത്തിൽ എണ്ണച്ചായം ചിത്ര രചന വിഭാഗത്തിൽ ജില്ലയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു .അഭിനവ് ഇപ്പോൾ പത്താം ക്ലാസ്സിൽ പഠിക്കുന്നു .



കളർ പെൻസിൽ ഡ്രോയിങ്



# മൺ പാതകൾ തേടി ........



അർഷദ് ,മുസ്തഫാ ,അനിസ് അലി ,അർഷാഖ്

യാത്രകൾ മനോഹരമാകുന്നത് ആ യാത്രയിൽ കാണുന്ന വ്യത്യസ്തമായ കാഴ്ചകൾ കൊണ്ടാണ് .യാത്രകൾ എങ്ങോട്ടു വേണമെങ്കിലും ആകാം ,യാത്രകൾക്ക് അങ്ങനെ പ്രത്യേക സ്ഥലമെന്നോ നേരമെന്നോ ഇല്ല . വെറുതെ ഇരിക്കുമ്പോൾ തൊടിയിലേക്കു ഇറങ്ങുന്നതും ഒരു യാത്രയാണ് . അവിടെ വ്യത്യസ്തമായ ഒന്നിനെ കണ്ണിനു കണ്ടെത്താൻ കഴിഞ്ഞു എങ്കിൽ യാത്ര മനോഹരമാകുന്നു . ഒരു ഒഴിവു ദിവസം സാമാന്യം തരക്കേടില്ലാത്ത ക്യാമറകളും ആയി ദിഗംബരന്റെ ശിവക്കാവിലേക്കു ഒരു യാത്ര പോയാലോ എന്നാലോചിച്ചു സിനിമകളിൽ പ്രകൃതിയുടെ വന്യഭാവങ്ങളുമായി നിൽക്കുന്ന ആ പ്രദേശം സത്യമാണോ എന്നൊന്ന് അറിയണമല്ലോ ! ഇന്സ്റ്റഗ്രാം റീൽസിലും യൂട്യൂബിലും ട്രെൻഡിങ് ആയി നിൽക്കുന്ന അനന്തഭദ്രം എന്ന സിനിമയിലെ ദികംഭരന്റെ ശിവകാവും ,ഭദ്രയും അനന്ദനും നടന്ന വഴികളും കണ്ണിൽ മായാത്ത മോഹ കാഴ്ചകൾ ആയി അങ്ങനെ തങ്ങി നിൽക്കുന്നത് കുറച്ചു കാലമായി . ഷൊർണൂരിന് അടുത്ത കവള പാറ എന്ന സ്ഥലത്തിന് അടുത്താണ് ചിറ്റേടത്തു മന ഉള്ളത് . യാത്രകൾ ഇഷ്ടമുള്ള അർഷക്കിനെയും മുസ്തഫയെയും അർഷദിനെയും കൂട്ടി പോകാം എന്ന് തീരുമാനിച്ചു . ബസ് ഇറങ്ങുന്നത് ഒരു കുന്നിന്റെ താഴ് വാരത്തിലേക്കാണ് തികച്ചും ഗ്രാമീണമായ കാഴ്ചകൾ . മുള്ളിന്റെ വേലികളും  വേലികൾക്കു ഇടയിൽ നിറയെ പൂത്തു നിൽക്കുന്ന കൊന്ന മരങ്ങളും ഇളം നീല നിറമുള്ള പൂവിട്ട ശീമ കൊന്നയും മണ്ണിന്റെ വഴികളും . പണ്ടത്തെ ഗ്രാമീണ സിനിമകളിൽ കണ്ടിട്ടുള്ള വഴികൾ തന്നെ ഇതൊക്കെ . ഇവിടെ നിന്ന് കുറച്ചു നടക്കാനുണ്ട് മനയിലേക്കു . എതിരെ



വന്ന ഒരാളോട് വഴി ചോദിച്ചു . ഈ കാണുന്ന പാടം കഴിഞ്ഞു മേലോട്ട് പോയാൽ പടിപ്പുരയുള്ള വീടു കാണാം എന്നയാൾ പറഞ്ഞു . നടക്കുന്ന മണ്ണ് വഴികളും വഴികൾക്കു ഇരു വശമുള്ള പച്ചപ്പ് കാഴ്ച്ചകളും ക്യാമറയിൽ പകർത്തി . പാടത്തിനു നടുവിൽ പടിപ്പുരയുള്ള വീടാണ് ,അവിടെ ഇപ്പോഴും ആൾ താമസം ഉണ്ട് . സിനിമ ഷൂട്ടിങ്ങിനു അല്ലാതെ സഞ്ചാരികൾക്കു അങ്ങനെ അവർ പടിപ്പുര തുറന്നു കൊടുക്കാറില്ല . വിദ്യാർത്ഥികൾ ആണെന്നും ദൂരെ നിന്ന് വരികയാണെന്നും പറഞ്ഞപ്പോൾ അകത്തു കയറി ഫോട്ടോ എടുക്കാൻ അനുവദിച്ചു . പടിപ്പുര കണ്ടപ്പോൾ മിഴി രണ്ടിലും എന്ന സിനിമയിലെ ദൃശ്യങ്ങൾ ആണ് ഓർമവന്നത് . കല്ലിന്റെ പടികൾ കയറി ചെന്നാൽ വർഷങ്ങൾ പഴക്കമുള്ള മന കാണാം .

വായിച്ച പുസ്തകങ്ങളിലെ സ്ഥലങ്ങളും മനുഷ്യരെയും ജീവിതങ്ങളേയും നേരിട്ട് അറിയാനുള്ള ആഗ്രഹമാണ് എന്റെ ആദ്യകാല യാത്രകൾക്ക് പ്രചോദനമായത് , എസ് കെ പൊറ്റക്കാടിന്റെ യാത്ര വിവരങ്ങളാണ് എന്റെ ആദ്യ യാത്രകളെ ഏറെ സ്വാധീനിച്ചിട്ടുള്ളത് . ആരോ പറഞ്ഞ ഒരു സ്ഥലത്തെ അന്വേഷിച്ചു കണ്ടെത്തി ചെല്ലുക ആ കാഴ്ചകൾ നേരിട്ട് കാണുക ....അതൊരു വല്ലാത്ത അനുഭൂതി തന്നെ ആണ്

**സന്തോഷ് ജോർജ് കുളങ്ങര**



മനക്കു പിന്നിൽ ആയാണ് ദിഗംബരൻ ആഭിചാരം നടത്തുന്ന ശിവക്കാവ് ഉള്ളത് . നിറയെ മരങ്ങൾക്കു നടുവിൽ ആയി അതികം വലുപ്പമില്ലാത്ത ഒരു കുളം . ഏതൊക്കെയോ കിളികളുടെ കൂവലുകൾ കേൾക്കാം ,നിറയെ മരങ്ങൾ ഉള്ള ആ തൊടി അങ്ങനെ പരന്നു കിടക്കുന്നു .





" പ്ര കൃതിക്കൊരു വശ്യതയുണ്ട് അതിൽ പെട്ട് പോയാൽ പിന്നെ മടങ്ങാൻ പ്രയാസമാണ് . അവിടെ നേരം പോകുന്നതു അറിയാറില്ല പ്രകൃതിക്കുപുറത്തു നടക്കുന്ന കാര്യങ്ങളെ കുറിച്ചും "



തൊടി യുടെ അറ്റം അവസാനിക്കുന്നത് ഒരു ഇടവഴിയിലേക്കാണ് .ഇട വഴി എത്തിയാൽ മനക്കു പുറത്തു കടക്കാം . ആൾ  അനക്കമോ വീടുകളോ ഇല്ലാതെ ഇരു വശവും ഇടതൂർന്ന മരങ്ങളും ആയി ഇടവഴി അങ്ങനെ നീണ്ടു കിടക്കുന്നു . നട്ടുച്ചക്ക്  വഴികളിൽ മരങ്ങളുടെ നിഴലുകൾ വീണു കിടക്കുന്നു . ചെരിപ്പില്ലാതെ കുറച്ചു ദൂരം നടന്നു . നടക്കുമ്പോൾ മണ്ണിനു തണുപ്പാണ് . ക്യാമറ ക്കു പകർത്താൻ അനേകം ഗ്രാമ കാഴ്ചകളും പ്രകൃതിയുടെ നിഗൂഢതയും .




ഈ പടി കടന്നിങ്ങു കേറിയാൽ ഇവിടം പിന്നെ ഒരു കാലമേ ഉള്ളു ....വസന്തകാലം ,വസന്തത്തിൽ നിറയെ പൂവിട്ട ഒരു പൂമരം പോലെ ഈ കലാലയം കണ്ണെത്താ ആഴത്തോളം അതിന്റെ വേരുകൾ ഇറക്കി അങ്ങനെ നിൽക്കുകയാണ് തന്നെ തേടി വരുന്ന ശലഭങ്ങളുടെ അത്രയും ഭാരം താങ്ങാൻ ...ശലഭങ്ങൾ ഒഴിഞ്ഞ രണ്ടു മാസം പിന്നെ പൂമരം അതിന്റെ ഇലകളും പൂക്കളും കൊഴിച്ചു മൗനമായി ധ്യാനിച്ചിരിക്കും അടുത്ത വസന്തത്തിൽ വരുന്ന ശലഭങ്ങളെയും കാത്ത് .....